**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **28-07-2021 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെയും ഹോട്ടൽ ഭക്ഷണത്തിന്റെയും വിലനിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വിലവർദ്ധനവ് മൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വില വർദ്ധനവ് മൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡ് കാലഘട്ടത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ പേരിൽ ഹോട്ടലുകൾ ഭക്ഷണവിലയായും പാഴ്സൽ ചാർജ്ജായും അമിത തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇന്ധന വില വർദ്ധനവിനെ തുടർന്ന് കോവിഡ് കാലഘട്ടത്തിൽ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനായി ഓപ്പൺ മാർക്കറ്റ് പരിശോധന നടത്തി റിപ്പോർട്ട് നല്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുമുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെയും ഹോട്ടൽ ഭക്ഷണത്തിന്റെയും വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ച് ചേർത്തിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച 22 അവശ്യ സാധനങ്ങളുടെയും വില സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും അവിടെ നിന്ന് ടി വിവരങ്ങൾ കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിൽ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽ നിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തിയും വരുന്നുണ്ട്. ഇതിനു പുറമെ വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളുടേയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 15.05.2017 ൽ |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുകയും അതത് കാലയളവിൽ യോഗം ചേർന്നു വരുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോ അവരുടെ വില്പനശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ നല്കി വരുന്നുമുണ്ട്. അവശ്യ സാധനങ്ങളുടെ വില വർദ്ധനവ്, ഹോട്ടൽ ഭക്ഷണ വില വർദ്ധനവ് എന്നിവ തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ പരിശോധനകളും നടത്തി വരുന്നു. പയറുവർഗ്ഗങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ നിശ്ചയിച്ച സ്റ്റോക്ക് ലിമിറ്റ് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ പൊതുവിതരണ ഡയറക്ടർക്കും സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ